കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് എസ്.സി ഫണ്ടുപയോഗിച്ച് വാങ്ങിയ സ്ഥലത്ത് എസ്.സി വിഭാഗത്തിന് വീട് നിർമ്മിച്ച് നൽകുന്നതിന് അനുമതി- നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം.1911/2017/തസ്വഭവ തിയതി , തിരുവനന്തപുരം: 09.06.2017

പരാമർശം:-1) 04/02/2010 ലെ സഉ(സാധാ)നം. 395/2010/തസ്വഭവ നം ഉത്തരവ്.

2) അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 18/03/2017 ലെ എ 3-879/2016 നം കത്ത്

ഉത്തരവ്

അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് 1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ, പട്ടികജാതിക്കാർക്കായുള്ള പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതിയിൽപ്പെടുത്തി ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയിട്ടുള്ള 63 ആർ 50 ച. മീ. സ്ഥലത്തുനിന്നും 35 ആർ സ്ഥലം ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനായി പരാമർശ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഇ.എം.എസ്. ഭവന പദ്ധതി നിലവിലില്ലാത്തതിനാൽ, മുൻ വർഷങ്ങളിൽ പഞ്ചായത്തിന്റെ പട്ടികജാതി വികസനഫണ്ട് വിനിയോഗിച്ച് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് അലോട്ട്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥന് നൽകിയിരുന്ന തുക വിനിയോഗിക്കാതെ പഞ്ചായത്തിന്റെ ഫണ്ടിൽ നീക്കിയിരിപ്പുണ്ട് എന്നും, ഭവനപദ്ധതിക്കായി അനുവദിച്ച വിനിയോഗിക്കാത്ത തുക ഉപയോഗിച്ച് മേൽ വസ്തുവിൽ പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്കായി സമഗ്രഭവനപദ്ധതി ആവിഷ്കരിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ ഭവന നിർമ്മാണത്തിനായി സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ്) ആവിഷ്കരിച്ചിട്ടുള്ളതിനാൽ, അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് എസ്.സി ഫണ്ടുപയോഗിച്ച് കൃഷി ആവശ്യത്തിന് വാങ്ങിയ 1.58 ഏക്കർ ഭൂമിയിൽ, ലൈഫ്

മിഷൻ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി, മേൽ സ്ഥലത്ത് വീട് നിർമ്മിച്ച് നൽകുന്നതിന്, അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സുരേഷ് കുമാർ എസ്.
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്(പഞ്ചായത്ത് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ